(ഇ) എങ്കിൽ അതിനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) സംസ്ഥാനത്ത് ഗവൺമെന്റുടമയിൽ രണ്ടും സഹകരണ മേഖലയിൽ പത്തും കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ നാലും സ്പിന്നിംഗ് മില്ലുകളുണ്ട്;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം സ്പിന്നിംഗ് മിൽ, കേരളാ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സഹകരണ മേഖലയിലെ മാള, കഴക്കൂട്ടം, മീനച്ചൽ (പാല) എന്നീ മൂന്നു മില്ലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) സാമ്പത്തികപ്രതിസന്ധി കാരണമാണ് ഇവ അടച്ചിട്ടുള്ളത്.

(ഡി) & (ഇ) തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിക്വിഡേഷനിലാണ്. ഇത് പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലില്ല. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ പ്രവർത്തനം പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്.

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്ന നടപടി

*18 [95] *ശ്രീ. പിരപ്പൻകോട് മുരളി:*
,, *മഞ്ഞളാംകുഴി അലി:*
,, *വി. ചെന്താമരാക്ഷൻ:*
,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുമൂലം സംസ്ഥാനത്തെ യാത്രക്കാർ നേരിടുന്ന പ്രയാസങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(സി) കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*:

(എ) ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കാര്യക്ഷമമായി സർവ്വീസ് നടത്തുന്നതിന്റെ ഭാഗമായി പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നു. കൂടാതെ അറ്റകുറ്റപ്പണികൾക്കായി ഡോക്കിലുള്ള ബസ്സുകൾ എത്രയും വേഗം പണി പൂർത്തിയാക്കി സർവ്വീസിന് നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ജില്ലാ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കോൺഫറൻസുകൾ വിളിച്ചു ചേർത്ത് കാൻസലേഷൻ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വായ്പ

*19 [96] *ശ്രീ. ടി. എം. ജേക്കബ്*:
„ *ആർ. ബാലകൃഷ്ണപിള്ള*:
„ *ഷിബു ബേബി ജോൺ*:
„ *ജോണി നെല്ലൂർ*:
„ *കെ. ബി. ഗണേഷ് കുമാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും കാർഷികവായ്പ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) കാർഷികവായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കാർഷിക വായ്പകളുടെ പലിശ കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരു വർഷം സഹകരണ സംഘങ്ങൾ നൽകുന്ന ആകെ വായ്പയുടെ ചുരുങ്ങിയത് എത്ര ശതമാനമാണ് കർഷകർക്ക് നൽകേണ്ടത്;

(ഇ) ചുരുങ്ങിയ പരിധി നിർണ്ണയിച്ചത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(എഫ്) പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) കാർഷികവായ്പ നൽകുന്ന സംഘങ്ങൾ ഒരു വർഷം നൽകുന്ന മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാത്ത തുക നിർബന്ധമായും കാർഷികവായ്പയായി വിതരണം ചെയ്യേണ്ടതാണെന്നും ഇത്തരം വായ്പകൾ സ്വർണ്ണപ്പണയത്തിന്റെ ഈടിൻമേലും നൽകാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly